## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 641      28.02.2018-ൽ മറുപടിക്ക്

### ആദിവാസികൾക്കുള്ള ആനുകൂല്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസികൾക്ക് വനാവകാശ നിയമ പ്രകാരം നൽകേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ആനുകൂല്യങ്ങളെല്ലാം നൽകിയിട്ടുണ്ടോ;വിശദീകരിക്കുമോ; | എ) | ആദിവാസികൾക്ക് വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗത അവകാശം, സാമൂഹ്യ അവകാശം, വികസന അവകാശം എന്നിവയാണ് നൽകേണ്ടത്. 25109 വ്യക്തിഗത അവകാശവും (ROR), 164 സാമൂഹ്യാവകാശവും, 458 വികസനാവകാശവും നിലവിൽ നൽകിയിട്ടുണ്ട്. |
| ബി) | ആദിവാസികളുടെ കൈവശഭൂമി സർവ്വെ ചെയ്ത് നൽകുന്നതിനുള്ള പദ്ധതി എല്ലാ ജില്ലകളിലും പൂർത്തിയായിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് ഇനി പൂർത്തിയാകാനുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | പൂർണ്ണമായും സർവ്വെ നടപടികൾ പൂർത്തീകരിച്ച കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇനിയും കൈവശരേഖ ലഭിക്കാത്തവർക്ക് അപേക്ഷ സമർപ്പിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപടി സ്വീകരിക്കുകയും അതിൻ പ്രകാരം ലഭിച്ച അപേക്ഷകളിൽ സർവ്വെ നടപടികൾ നടത്തി വരികയുമാണ്. |
| സി) | പ്രസ്തുത ജില്ലകളിൽ അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | സർവ്വേ, മറ്റ് അനുബന്ധ ജോലികൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ലഭിച്ച മുഴുവൻ അപേക്ഷകളും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ